**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3903**

**12.12.2018-ൽ മറുപടിയ്ക്ക്**

## അനധികൃത വാഹന പാർക്കിംഗ്

| | ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | തലസ്ഥാന നഗരിയിൽ അട്ടക്കുളങ്ങര, കമലേശ്വരം, ആറ്റുകാൽ അമ്പലം വരെയുള്ള ഇടുങ്ങിയ റോഡിന്റെ ഇരുവശത്തും ടൂവീലർ, കാർ എന്നീ വാഹനങ്ങളുടെ പാർക്കിംഗിന് അനുമതി ഇല്ലെങ്കിലും ഹോട്ടലുകൾ, ജ്യൂസ് പാർലറുകൾ എന്നിവയ്ക്ക് മുന്നിൽ യാതൊരു ട്രാഫിക് നിയമങ്ങളും ബാധകമല്ലാത്ത രീതിയിൽ വ്യാപകമായി പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും കസ്റ്റമേഴ്സിന്റെയും വാഹനങ്ങൾ സ്ഥിരമായി പാർക്ക് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഇത്തരം പാർക്കിംഗ് ശ്രദ്ധയിൽപെട്ടാൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ സ്റ്റിക്കർ പതിച്ച് പിഴ ഈടാക്കുവാനും റിക്കവറി വാഹനം ഉപയോഗിച്ച് ഉടമകൾക്കെതിരെ മറ്റു നിയമ നടപടികളും സ്വീകരിക്കുന്നതിനും ട്രാഫിക് പോലീസിനും ലോക്കൽ പോലീസിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം പാർക്കിംഗ് കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതിനുള്ള കാരണം അറിയിക്കുമോ; | | |
| (സി) | ജ്യൂസ് പാർലറുകൾ, ഹോട്ടലുകൾ എന്നിവയ്ക്ക് മുന്നിൽ പാർക്ക് ചെയ്തിട്ടുള്ള വാഹനങ്ങൾ ഒഴികെ മറ്റിടങ്ങളിലുള്ള വളരെ കുറച്ച് വാഹനങ്ങൾക്കു മാത്രമാണ് ട്രാഫിക് പോലീസുകാർ പിഴ ഇടുന്നതെന്ന ആക്ഷേപം ശ്രദ്ധിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഈ ഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറ ഉൾപ്പെടെയുള്ള ക്യാമറകൾ പരിശോധിച്ചാൽ ഇത് വ്യക്തമാകുമെന്ന കാര്യം ഗൗരവമായി കണ്ട് നടപടി സ്വീകരിയ്ക്കുമോ; | (ഡി)<br>&<br>(ഇ) | സി.സി. ടി.വി ക്യാമറകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നിയമനടപടികൾ തിരുവനന്തപുരം സിറ്റി പോലീസ് സ്വീകരിച്ചു വരുന്നു. |
| (ഇ) | ഈ ഇടങ്ങളിലെ ഇത്തരം കച്ചവടസ്ഥാപനങ്ങൾക്ക് മാത്രം നിയമലംഘനം അനുവദിച്ച് നൽകുന്ന നടപടി പോലീസ് അവസാനിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

Sd/-

**സെക്ഷൻ ഓഫീസർ**

o/c.